DEPARTMENT OF AGRICULTURE
# FARM INFORMATION BUREAU
FARM NEWS

08-05--2021

## കാർഷികമേഖലാവാർത്തകൾ

## കേരള കാർഷിക സർവ്വകലാശാല ഇ - പഠന കേന്ദ്രത്തിന്റെ ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ (സെന്റർ ഫോർ ഇ-ലേണിംഗ്) ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന Plant Propagation and Nursery Management എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറ് മാസമാണ് കോഴ്സിന്റെ കാലാവധി. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50 % മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **അപേക്ഷകർക്ക് സ്വന്തമായി ഇ-മെയിൽ ഐ.ഡിയും മൊബൈൽഫോൺ നമ്പറും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.** SSLC, പ്രീഡിഗ്രി / പ്ലസ് ടു / വി.എച്ച്.എസ്.ഇ. എന്നിവയിൽ ഏതെങ്കിലും / തത്തുല്ല്യമോ, ഉയർന്നതോ ആയ മറ്റു വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത് പകർപ്പ് celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്. പ്രായപരിധിയില്ലാതെ ഏത് ജോലി ചെയ്യുന്നവർക്കും മറ്റു കോഴ്സുകൾ പഠിക്കുന്നവർക്കും ലോകത്തിന്റെ വിവിധ ഭാഗത്ത് താമസിക്കുന്നവർക്കും ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്.

നിശ്ചിത യോഗ്യതയുള്ളവർ 67368597330 എന്ന അക്കൗണ്ട് നമ്പറിലേക്ക് ഓൺലൈൻ ബാങ്കിംഗ് വഴിയോ NEFT വഴിയോ ചുവടെ ചേർത്തിട്ടുള്ള കോഴ്സ് ഫീസ് അടയ്ക്കേണ്ടതാണ്. **രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 2021 മെയ് 25**

ഫീസ് നിരക്കുകൾ:

ഒരു വ്യക്തി/ പഠിതാവ് : **6500** രൂപ

വിദ്യാർഥികൾ : **3250** രൂപ

20 പേർ അടങ്ങുന്ന ഗ്രൂപ്പ് : **5000** രൂപ/ പഠിതാവ്

50 പേർ അടങ്ങുന്ന ഗ്രൂപ്പ് : **4000** രൂപ/ പഠിതാവ്

100 പേർ അടങ്ങുന്ന ഗ്രൂപ്പ് : **3250** രൂപ/ പഠിതാവ്

**2021 മെയ് മാസം 26**-)0 തീയതി ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. കൂടുതൽ വിശദശാംശങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും 9567190858 , 7994076410, 9497353389 എന്നീ ഫോൺ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

## അറിയിപ്പ്

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനം തുടരുന്ന സാഹചര്യത്തിൽ രോഗപ്രതിരോധ നിയന്ത്രണങ്ങളുടെ ഭാഗമായി പല മേഖലകളെയും കണ്ടയിന്റ്മെന്റ്സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകരുടെ വളർത്തുമൃഗങ്ങളുടെയും മൃഗചികിത്സാ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചികിത്സാ ഉപദേശങ്ങൾ നൽകുന്നതിനുമായി മൃഗസംരക്ഷണവകുപ്പിൽ ടെലിവെറ്ററിനറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ജില്ലാതലത്തിൽ ഒരുകാൾസെന്റർ എല്ലാ

പ്രവർത്തിദിവസങ്ങളിലും രാവിലെ 8 മണിമുതൽ 1 മണിവരെ പ്രവർത്തിക്കുന്നതാണ്. ജില്ലകളിലെ കാൾസെന്ററിലെ ഫോൺ നമ്പർ ഇനി പറയുന്നു. കർഷകർ ഈ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരം -0471-2302643, കൊല്ലം -0474-2795076, പത്തനംതിട്ട - 0468-2270908, ആലപ്പുഴ - 0477-2252635, കോട്ടയം - 0481 -2564623, ഇടുക്കി - 0486-2223878, എറണാകുളം -0484-2351264, തൃശ്ശൂർ - 0487-2440232, പാലക്കാട് - 9447303310, മലപ്പുറം - 0483- 2734815, കോഴിക്കോട് -0495-2368349, വയനാട് -04936 -202729, കണ്ണൂർ - 0497- 2700184, കാസർഗോഡ് - 04994-224624

## അറിയിപ്പ്

കേരളത്തിൽ സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്. പി. ഒ.കൾ അഥവാ കർഷക ഉൽപ്പാദക സംഘടനകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ഇപ്പോൾ നടന്നുവരികയാണ്. ഇതിനോടനുബന്ധിച്ച് ചില ജില്ലകളിൽ അനധികൃതമായി പണപ്പിരിവ് നടത്തുന്നതിനു വേണ്ടിയുള്ള വാർത്തകൾ സോഷ്യൽ മീഡിയ വഴി പ്രചരിക്കുന്നു. ഇത്തരം പണപ്പിരിവ് നിവമവിരുദ്ധവും ശിക്ഷാർഹവുമാണ്. എഫ്. പി. ഒ രൂപീകരണത്തിനായി യാതൊരു പണപ്പിരിവും നടത്തേണ്ട കാര്യമില്ലെന്ന് പദ്ധതി നിർവ്വഹണം നടത്തുന്ന എസ്. എഫ്. എ.സിയുടെ ഉദ്യോസ്ഥർ അറിയിച്ചു. ആയതിനാൽ ഇത്തരം തെറ്റായ പ്രചരണങ്ങളെ തിരിച്ചറിഞ്ഞ് വഞ്ചിതരാകാതിരിക്കണമെന്ന് എസ്.എഫ്.എ.സിയുടെ മാനേജിംഗ് ഡയറക്ടർ അറിയിച്ചു. പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയുന്നതിന് 1800-425-1661 എന്ന നമ്പരിൽ ബന്ധപ്പെടുക.

# അറിയിപ്പ്

കൃഷി സംബന്ധമായ അറിവുകൾക്കും സംശയ നിവാരണത്തിനുമായി കാർഷികവികസന കർഷകക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന, "കാർഷികവിവരസങ്കേതം" കോൾസെന്ററിലേയ്ക്ക് കർഷകർക്ക് രാവിലെ 8 മുതൽ രാത്രി 8 മണിവരെയുള്ള സമയത്ത ്1800-425-1661 എന്ന ടോൾഫ്രീ നമ്പരിലൂടെ ബന്ധപ്പെടാവുന്നതാണ്. കൂടാതെ 9447051661 എന്ന വാട്സ്ആപ്പ് നമ്പറിലൂടെ രോഗകീട ആക്രമണ ലക്ഷണങ്ങളുടെ ചിത്രങ്ങളും സന്ദേശങ്ങളും അയച്ചും സംശയങ്ങൾ ദൂരീകരിക്കാവുന്നതാണ്.